

# ഫാറൂഖ് ഹൈസ്കൂൾ



പി.എം. അബ്ദുൽ അസീസ്

സ്ഥാപകനായ മർഹൂം മൗലവി അബുസ്സബാഹ് അഹമ്മദ് അലി സാഹിബിന്റെയും അഭ്യുദയകാംക്ഷികളുടെയും പ്രതീക്ഷകൾ സാക്ഷാത്കരിച്ചുകൊണ്ട് ചുരുങ്ങിയ കാലത്തിനുള്ളിൽ തന്നെ വിദ്യാഭ്യാസരംഗത്ത് അസൂയാർഹമായ പുരോഗതിയും നേട്ടങ്ങളും ഫാറൂഖ് ഹൈസ്കൂൾ കൈവരിച്ചിട്ടുണ്ട്. വിദ്യാർഥികളിൽ കാലോചിതമായ വിജ്ഞാനത്തിനു പുറമേ, ആത്മീയോൽക്കർഷവും, സാംസ്കാരിക പ്രബുദ്ധതയും മാനസിക വളർച്ചയും പക്വതയും വളർത്താൻ ഈ സ്ഥാപനം മനസ്സിരുത്തുന്നു. ഫാറൂഖ് ട്രെയിനിംഗ് കോളെജിന്റെ മോഡൽ സ്കൂൾ ആണ് ഈ സ്ഥാപനം.

റൗസത്തുൽ ഉലൂം അസോസിയേഷന്റെ കീഴിലുള്ള ഈ സ്ഥാപനത്തിന്റെ തുടക്കം റൗസത്തുൽ ഉലൂം അറബിക് കോളെജിന്റെ ഒരു ഫീഡർ സ്ഥാപനം എന്ന നിലയിൽ 1954 ജൂൺമാസം 6-ാം തീയതി 'ഫാറൂഖ് ഓറിയന്റൽ ഹൈസ്കൂൾ' എന്ന പേരോടുകൂടിയായിരുന്നു. അറബി ഭാഷാപഠനത്തിനായിരുന്നു തുടക്കത്തിൽ പ്രാമുഖ്യം. ആദ്യം രണ്ടു ക്ലാസ്സുകളും ആകെ മൂന്ന് അധ്യാപകരുമാണുണ്ടായിരുന്നത്. ഈ പ്രദേശത്തെ എല്ലാ വിഭാഗങ്ങളുടെയും ലൗകിക വിദ്യാഭ്യാസാവശ്യം കണക്കിലെടുത്ത് ഇതിനെ 1957 ആഗസ്റ്റിൽ ഒരു സാധാരണ ഹൈസ്കൂളാക്കി മാറ്റി. പേര് 'ഫാറൂഖ് ഹൈസ്കുൾ' എന്നാക്കി. തുടർന്ന് അഞ്ചു മുതൽ എട്ടുവരെ ക്ലാസ്സുകൾ നിലവിൽവന്നു. അന്ന് ആകെ അധ്യാപകർ നാല്. വിദ്യാർഥികൾ 70. പെൺകുട്ടികൾ വെറും മൂന്ന്. 1961-ൽ സ്ഥിരാംഗീകാരം നേടിയ ഈ സ്കൂൾ അനുക്രമം വളർന്ന് ഇന്ന് പൂർണവളർച്ച പ്രാപിച്ചിരിക്കുന്നു. അഞ്ചു മുതൽ 10 വരെ ക്ലാസ്സുക

ളുടെ 27 ഡിവിഷനുകളിൽ 689 വിദ്യാർഥിനികളും 829 വിദ്യാർഥികളും പഠനം നടത്തുന്നു. അറബി പ്രഥമഭാഷയായി എടുത്ത് പഠനം നടത്തുന്ന പെൺകുട്ടികൾ 314-ഉം ആൺകുട്ടികൾ 421-ഉം ആണ്. ഇപ്പോൾ ഈ സ്ഥാപനത്തിൽ ടീച്ചിംഗ് സ്റ്റാഫിൽ 16 അധ്യാപികമാരടക്കം 44 പേരും നോൺ ടീച്ചിംഗ് സ്റ്റാഫിൽ ഏഴുപേരും ഉണ്ട്. ഓരോ കൊല്ലം കഴിയുന്തോറും പ്രവേശനം തേടിക്കൊണ്ടുള്ള അപേക്ഷകരുടെ എണ്ണം വർധിച്ചുവരുന്നതിനാൽ അവരെ എല്ലാവരെയും സ്കൂളിൽ ചേർക്കാൻ കഴിയാതെ വരുന്നു എന്ന വസ്തുത ഖേദപൂർവം സ്മരിക്കുന്നു.

സ്കൂളിൻെറ ആരംഭം മുതൽ 1971 സെപ്റ്റംബർ 10 വരെ സ്കൂൾ മാനേജർ മർഹൂം മൗലവി സാഹിബ് ആയിരുന്നു. അദ്ദേഹത്തിൻെറ മരണാനന്തരം 1973 സെപ്റ്റംബർ 13-ന് ജനാബ് കെ.സി. ഹസ്സൻകുട്ടി സാഹിബ് മാനേജരായി തിരഞ്ഞെടുക്കപ്പെട്ടു.

അച്ചടക്കവും അനുസരണയുമുള്ള നല്ല പാരമ്പര്യം പുലർത്തിപ്പോരുന്ന വിദ്യാർഥി സമൂഹമാണ് ഈ സ്കൂളിനുള്ളത്. അതിൽ ഞങ്ങൾ അഭിമാനം കൊള്ളുന്നു . പഠനകാര്യങ്ങളിലെന്നപോലെ, പാഠ്യേതരപ്രവർത്തനങ്ങളിലും വിദ്യാർഥികൾ തല്പരരാണെന്നുള്ളതിനു തെളിവാണ് ഇവിടെ പ്രവർത്തിക്കുന്ന ഭാരത സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് യൂണിറ്റ്. 1986-87-ൽ (ഈ ലേഖകൻ ചാർജെടുത്ത വർഷം) ഈ സ്കൂളിലെ രണ്ടു സ്കൗട്ടുകളും, രണ്ടു ഗൈഡുകളും പ്രസിഡൻറ്സ് സ്കൗട്ടുകളുമായി തിരഞ്ഞെടുക്കപ്പെടുകയും അതിനുള്ള സർട്ടിഫിക്കറ്റുകൾ ഡൽഹിയിൽവച്ച് രാഷ്ട്രപതിയിൽനിന്ന് നേരിട്ടു സ്വീകരിക്കുകയും ചെയ്തു. 1987-88 വർഷത്തിലും രണ്ടുപേർ പ്രസിഡൻറ്സ് സ്കൗട്ട്സും, രണ്ടുപേർ പ്രസിഡൻറ് ഗൈഡ്സുമായി തിരഞ്ഞെടുക്കപ്പെട്ടു. ഈ സ്കൂളിലെ പഠനനിലവാരവും അഭിമാനാർഹമാണ്. എസ്.എസ്.എൽ.സി. പരീക്ഷയിൽ നല്ല വിജയശതമാനം കൈവരിക്കാറുണ്ട്. കലാ-കായിക രംഗങ്ങളിലും ഇവിടുത്തെ കുട്ടികൾ ആരുടെയും പിന്നിലല്ല. സ്കൂളിലെ അധ്യാപകർ പ്രദർശിപ്പിക്കുന്ന അർപ്പണമനോഭാവം സ്തുത്യർഹമാണ്.

ആരംഭംമുതൽ തന്നെ ബോർഡിംഗ് സൗകര്യമുള്ള ഒരു സ്കൂളാണിത്. എന്നാൽ എല്ലാ സൗകര്യങ്ങളുമുള്ള 'രാജാ ഹോസ്റ്റൽ' നിലവിൽവന്നത് 1965-ൽ ആണ്. കേരളത്തിൻെറ വിവിധ ഭാഗത്തുനിന്നുമുള്ള കുട്ടികൾ ഇവിടെ അന്തേവാസികളായി ഉണ്ട്. അടുക്കും ചിട്ടയും മതബോധവും സ്വഭാവശുദ്ധിയും വളർത്താനുതകുന്ന പരിശീലനം ഹോസ്റ്റലിൽനിന്ന് വിദ്യാർഥികൾക്ക് കിട്ടുന്നു.

ശുഷ്കാന്തിയോടെ പ്രവർത്തിക്കുന്ന ഒരു പൂർവവിദ്യാർഥി സംഘടന ഈ സ്കൂളിനുണ്ട്. ജനാബ് കെ. കുഞ്ഞലവിയുടെ നേതൃത്വത്തിൽ 1967-ൽ സ്ഥാപിക്കപ്പെട്ട ഈ സംഘടന പല നല്ല കാര്യങ്ങളും ചെയ്യുന്നു. ഓരോ കൊല്ലവും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി എസ്.എസ്.എൽ.സി. പരീക്ഷ ജയിക്കുന്ന ഒരു പെൺകുട്ടിക്കും, ഒരു ആൺകുട്ടിക്കും കേഷ് അവാർഡുകൾ നല്കിവരുന്നുണ്ട്.

പൂർണവളർച്ചപ്രാപിച്ചെങ്കിലും സൗകര്യങ്ങൾ പരിമിതമാണ്. ഈ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സ്തുത്യർഹമാംവണ്ണം പ്രവർത്തിക്കുവാൻ കഴിയുന്നത് മാനേജ്മെൻറും, രക്ഷിതാക്കളും, വിദ്യാതത്പരരും, അഭ്യുദയകാംക്ഷികളും നല്കിവരുന്ന ആത്മാർഥമായ സഹായസഹകരണങ്ങളാലാണെന്ന് അനുസ്മരിക്കുന്നു.

O